# മുതിയാവിള വല്യച്ചൻ

അഥവാ

## ഫാ. അദെയോദാത്തൂസ് ഒ.സി.ഡി.

റവ. ഡോ. സഖറിയാസ് കരിയിലക്കുളം ഒസിഡി

**CARMEL PUBLISHING CENTRE**

TRIVANDRUM, KERALA, INDIA - 695 014

**2007**

# മുതിയാവിള വല്യച്ചൻ

അഥവാ

## ഫാ. അദെയോദാത്തൂസ് ഒ.സി.ഡി.

റവ. ഡോ. സഖറിയാസ് കരിയിലക്കുളം ഒസിഡി

**CARMEL PUBLISHING CENTRE**

TRIVANDRUM, KERALA, INDIA - 695 014

**2007**

**Muthiyavila Valyachan**
**Adhava Fr. Adeodatus, OCD** (Malayalam)


| | | |
|---|---|---|
| Author | : | Dr. Zacharias Kariyilakulam OCD |
| First Published | : | October 2007 |
| Published by | : | Carmel International Publishing House<br>Trivandrum, India - 695 014<br>e-mail: ciph@md4.vsnl.net.in |
| Printed at | : | St. Joseph's Press<br>Trivandrum, India - 695 014 |
| Cover design | : | Edmond John |
| Distributors | : | Carmel International Publishing House<br>Trivandrum, India - 695 014 |
| Copyright | : | Publishers |
| Price | : | Rs. 15.00 |



All right reserved including the rights of reproduction in whole or part in any form



CIPH No. 139 October 2007 2000

# ഉള്ളടക്കം


| | |
|---|---|
| പ്രസാധകക്കുറിപ്പ് | 7 |
| ആമുഖം | 9 |
| ഒരു മിഷനറി ജനിക്കുന്നു | 13 |
| പാങ്ങോട് ആശ്രമത്തിൽ | 17 |
| മിഷൻ രംഗത്തേയ്ക്ക് | 25 |
| മഹത്വത്തിലേയ്ക്ക് പ്രവേശിക്കുന്നു | 34 |
| കത്തുകളിലെ വല്യച്ചൻ | 39 |

# പ്രസാധകക്കുറിപ്പ്

ഓരോ വർഷം പിന്നിടുന്തോറും കൂടുതൽ സജീവവും ദീപ്തവുമായിത്തീരുന്ന ഓർമ്മയാണ് മുതിയാവിളയിലും സമീപപ്രദേശങ്ങളിലുമുള്ളവർക്ക് തീക്ഷ്ണമതിയും പുണ്യശ്ലോകനുമായ കർമ്മെലീത്താ മിഷണറി ഫാ. അദെയോദാത്തൂസ് ഒ.സി.ഡി. അഥവാ അവരുടെ വല്യച്ചൻ. നേരിൽ കാണാൻ കഴിഞ്ഞവരൊക്കെയും നാളേയ്ക്കു കൈമാറുവാനാഗ്രഹിക്കുന്ന ഓർമ്മ.

ഒരു നാടിന്റെ ആത്മീയ ചൈതന്യമായി ജീവിച്ച വല്യച്ചനെ പുതിയ തലമുറയ്ക്കു പരിചയപ്പെടത്തുവാനുള്ള ബഹു. ഫാ. സഖറിയാസ് കരിയിലക്കുളം ഒ.സി.ഡി.യുടെ ശ്ലാഘനീയമായ പരിശ്രമമാണ് അദെയോദാത്തൂസച്ചന്റെ നാല്പതാം വാർഷിക ദിനമായ 2007 ഒക്ടോബർ 20-ന് പ്രകാശനം ചെയ്യപ്പെടുന്ന ഈ ഗ്രന്ഥം.

ഇതിന്റെ പ്രസിദ്ധീകരണവുമായി സഹകരിക്കുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

മുതിയാവിള വല്യച്ചന്റെ തപോനിഷ്ഠവും പ്രേഷിത ചൈതന്യവും ത്യാഗോജ്ജ്വലവും കർമ്മനിരതവുമായ ജീവിതവും അനേകർക്കു പ്രചോദനമാകുവാൻ പ്രാർത്ഥിക്കുന്നു.

ഫാ. മാത്യു തുണ്ടത്തിൽ ഒ.സി.ഡി.
ഡയറക്ടർ

# ആമുഖം

തിരുവനന്തപുരം ജില്ലയിലെ പ്രാന്തപ്രദേശങ്ങളിലുള്ള കൃത്യമായി പറഞ്ഞാൽ, നെയ്യാറ്റിൻകര താലൂക്കിന്റെ വടക്കു കിഴക്കു ഭാഗത്തുള്ള അമ്പൂരി, മായം, മുതിയാവിള, തൂങ്ങംപാറ മുതലായ ഇടവകകളിലെ വിശ്വാസികളെ സംബന്ധിച്ചിടത്തോളം അവിസ്മരണീയനായ കർമ്മെലീത്താ മിഷനറിയാണ് '*മുതിയാവിള വല്യച്ചൻ*' എന്ന ഓമനപ്പേരിലറിയപ്പെടുന്ന ബെൽജിയംകാരനായ ഫാദർ അദെയോദാത്തൂസ്. 1927-ൽ മിഷൻ പ്രവർത്തനത്തിനായി ഇന്ത്യയിലെത്തിയ അദ്ദേഹം 19 വർഷത്തോളം തിരുവനന്തപുരത്തുള്ള പാങ്ങോട് ആശ്രമത്തിൽ വൈദികവിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതിലും വ്യത്യസ്തങ്ങളായ ആത്മീയ ശുശ്രൂഷകളിലും വ്യാപൃതനായി. 1947-ൽ മിക്ക മിഷനറിമാരും സ്വന്തം നാട്ടിലേയ്ക്കു മടങ്ങിയപ്പോൾ, അദെയോദാത്തൂസച്ചൻ ഈ നാടിനോടും നാട്ടുകാരോടുമുള്ള സ്നേഹത്തെപ്രതി മിഷൻപ്രദേശത്തേയ്ക്കാണ് പുറപ്പെട്ടത്. സംഭവബഹുലവും വിശ്രമരഹിതവുമായ മിഷൻപ്രവർത്തനത്തിനാണ് അന്നു മുതൽ തുടക്കം കുറിച്ചത്. ഏതാണ്ട് 20 വർഷത്തെ പ്രവർത്തനത്തിനുശേഷം 1968 ഒക്ടോബർ 20-ാം തിയതി, മിഷൻ ഞായറാഴ്ച ആ വലിയ മിഷനറി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടപ്പോൾ, അവിസ്മരണീയമായ സംഭാവനകൾ സഭയ്ക്കും സമൂഹത്തിനും നല്കിയിട്ടാണ് അദ്ദേഹം കടന്നുപോയത്. അദ്ദേഹത്തിന്റെ സംസ്ക്കാരച്ചടങ്ങിൽ സംബന്ധിക്കാനെത്തിയ പതിനായിരങ്ങളുടെ ദുഃഖപ്രകടനത്തിൽ അതു വ്യക്തമായിരുന്നു. അന്ന് വിശ്വാസരാഹിത്യത്തിന്റെയും അനാരോഗ്യത്തിന്റെയും പിടിയിൽപ്പെട്ട് കഷ്ടപ്പെടുന്ന ജനമദ്ധ്യത്തിലേയ്ക്ക് ക്രിസ്തുവിന്റെ സുവിശേഷം നല്കുന്ന ആശ്വാസവുമായിട്ടാണ് വല്യച്ചൻ കടന്നുചെന്നത്. വേദനിക്കുന്നവർക്ക് ആനന്ദവും ദരിദ്രരായവർക്കു സാമ്പത്തികസഹായവും, പാപികൾക്കു പശ്ചാത്താപവും, അന്ധകാരശക്തികളുടെ പിടിയിൽപ്പെട്ടവർക്കു വിമോചനവും, അവിശ്വാസികൾക്ക് വിശ്വാസവെളിച്ചവും നല്കുന്നതിൽ സദാ വ്യാപൃതനായിരുന്ന വല്യച്ചൻ, മരണശേഷവും തന്റെ പക്കൽ മാദ്ധ്യസ്ഥം തേടുന്നവരുടെ ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ ബദ്ധശ്രദ്ധനാണെന്ന് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

മിഷൻ പ്രവർത്തനം എന്നത് കേവലം മതബോധനം മാത്രമല്ലെന്നും, മഹത്തായ മനുഷ്യസേവനം കൂടിയാണെന്നും നമ്മെ പഠിപ്പിച്ച മനുഷ്യസ്നേഹിയായ മിഷനറിയായിരുന്നു മുതിയാവിള വല്യച്ചൻ. പ്രാർത്ഥനയും പരിത്യാഗവുംവഴി പുണ്യപൂർണ്ണതയുടെ പാതയിൽ പതറാതെ പുരോഗമിക്കുവാൻ പരിശ്രമിക്കുകയും പഠിപ്പിക്കുകയും ചെയ്ത പുണ്യപുരുഷനായിരുന്നു അദ്ദേഹം. സവിശേഷമായ സഹാനുഭൂതിയും സുവിശേഷ മൂല്യങ്ങളോടുള്ള നിർവ്യാജമായ സ്നേഹവും സ്വന്തമാക്കി, കാടും മേടും താണ്ടി മലമ്പനിയും മലേറിയായും ബാധിച്ച് മരണത്തോട് മല്ലടിക്കുന്ന കുടിയേറ്റ മേഖലകളിലേയ്ക്ക് ആശ്വാസത്തിന്റെ ദൂതുമായി കടന്നുചെന്ന ദൈവീകമനുഷ്യനായിരുന്നു അദ്ദേഹം.

തന്റെ പ്രവർത്തനകേന്ദ്രമായിരുന്ന മുതിയാവിളയിൽ താമസിച്ചതുകൊണ്ടാണ് അദ്ദേഹം മുതിയാവിള വല്യച്ചൻ എന്ന ഓമനപ്പേരിൽ അറിയപ്പെട്ടത്. എല്ലാ അർത്ഥത്തിലും അദ്ദേഹം ഒരു വല്യച്ചനായിരുന്നു. നരച്ചുനീണ്ട താടിയും, കയ്യിലൊരു വടിയും, കാഷായവസ്ത്രവുമണിഞ്ഞ് സൈക്കിളിലും, കാൽനടയായും സഞ്ചരിക്കുന്ന അദ്ദേഹം കുട്ടികളുടെ സുഹൃത്തായിരുന്നു. അവർക്കു കൊടുക്കാൻ മിഠായിയും സമ്മാനങ്ങളും എപ്പോഴും കയ്യിലുണ്ടാവും. വിശക്കുന്നവന് ആഹാരവും, രോഗിക്ക് രോഗശാന്തിയും, വേദനിക്കുന്നവന് ആശ്വാസവും, പാപിക്ക് മോചനവും നല്കിയ യേശുവിനെ അടുത്തനുകരിക്കാനാണ് വല്യച്ചനും നിരന്തരം യത്നിച്ചത്. അതിൽ അദ്ദേഹം പൂർണ്ണമായി വിജയിക്കുകയും ചെയ്തു. അതുകൊണ്ടു തന്നെയാണല്ലോ കാലമേറെ ചെന്നിട്ടും വല്യച്ചൻ ജനഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്നത്.

ക്രിസ്തീയ ദർശനത്തിനും മൂല്യങ്ങൾക്കും കടകവിരുദ്ധമായ, വിഭാഗീയതയും, സ്വജനപക്ഷപാതവും, ക്രിസ്തീയ സമൂഹത്തെയും, വിശ്വാസികളെയും സുനാമിത്തിരകളെപ്പോലെ വിഴുങ്ങിക്കൊണ്ടിരിക്കുന്ന ഈ കാലയളവിൽ വല്യച്ചനെപ്പോലെയുള്ള നലംതികഞ്ഞ വൈദികശ്രേഷ്ഠരുടെ മാതൃകയും പ്രബോധനവും ഒരു സാക്ഷ്യം മാത്രമല്ല, വെല്ലുവിളി കൂടിയാണ്. ജന്മംകൊണ്ട് വിദേശിയെങ്കിലും കർമ്മംകൊണ്ട് ഒരു പ്രദേശത്തിന്റെ പ്രകാശഗോപുരമായി മാറിയ ആ വലിയ മിഷനറിയെ അല്പമെങ്കിലും അറിയാനുള്ള അവസരം ഈ ലഘുഗ്രന്ഥം നല്കുമെന്ന് വിശ്വസിക്കുന്നു.

**ഫാ. സഖറിയാസ് കരിയിലക്കുളം ഒ.സി.ഡി.**

# I
# ഒരു മിഷനറി ജനിക്കുന്നു

ക്രൈസ്തവസഭയ്ക്ക് അനേരം വിശുദ്ധന്മാരെയും മിഷനറിമാരെയും സംഭാവന ചെയ്തിട്ടുള്ള ബെൽജിയമാണ് അദെയോദാത്തൂസച്ചന്റെ ജന്മനാട്. അവിടെയുള്ള കെൽറൂക്ക് ഗ്രാമത്തിൽ 1896 ജനുവരി 27ന് അദ്ദേഹം ഭൂജാതനായി. ജൂലിയൻ ബെക്ക് എന്നായിരുന്നു അദ്ദേഹത്തിന്റെ ചെറുപ്പത്തിലെ പേര്. ഭക്തരായ ജോണും ലുദോവിക് ഒഗാനയുമായിരുന്നു മാതാപിതാക്കൾ. ക്രിസ്തീയ വിശ്വാസത്തിലും ഭക്തിയിലും മകനെ വളർത്തിക്കൊണ്ടുവരാൻ മാതാപിതാക്കൾ ശ്രദ്ധിച്ചു. അവിടെയുണ്ടായിരുന്ന സ്കൂളിൽ വിദ്യാഭ്യാസവും നടത്തി. ആയിടയ്ക്കാണ് ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടത്. യുവാക്കന്മാരെല്ലാം നിർബ്ബന്ധിത സൈനികസേവനത്തിനു നിയോഗിക്കപ്പെട്ടിരുന്നു. യുവാവായ ജൂലിയനും സൈന്യത്തിൽ ചേർന്ന് ജന്മനാടിനുവേണ്ടി പോരാടാൻ തുടങ്ങി. യുദ്ധത്തിനിടയിൽ മറ്റനേകരോടൊപ്പം ജൂലിയനും ജപ്പാൻകാരുടെ തടവിലായി. ദൈവകൃപകൊണ്ട് അദ്ദേഹത്തിന് അവിടെനിന്നും രക്ഷപ്പെടാൻ സാധിച്ചു.

തടങ്കൽ പാളയത്തിൽനിന്നു രക്ഷപ്പെട്ട ജൂലിയൻ നേരെ പോയത് പ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രമായ ലൂർദ്ദിലേയ്ക്കാണ്. ലക്ഷക്കണക്കിനു തീർത്ഥാടകർ ഓരോ വർഷവും ഈ പുണ്യസ്ഥലത്ത് എത്തി വിവിധ ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കാറുണ്ട്. പരിശുദ്ധ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥം വഴി ലഭിക്കുന്ന അനുഗ്രഹങ്ങളും, അനുദിനം നടക്കുന്ന അത്ഭുതങ്ങളും ലോകപ്രസിദ്ധങ്ങളാണ്. യുവാവായ ജൂലിയന് പ്രാർത്ഥിക്കുവാൻ ഒത്തിരി കാരണങ്ങളുണ്ടായിരുന്നു. യുദ്ധത്തിൽനിന്നു രക്ഷപ്പെട്ടതിനു ദൈവത്തിനു നന്ദി പറയുവാനുണ്ട്. രോഗിണിയായ തന്റെ അമ്മയ്ക്ക് ശാരീരികസുഖം കിട്ടാൻ പ്രാർത്ഥിക്കണം. അതുപോലെതന്നെ തന്റെ ഭാവിയെ സംബന്ധിച്ചും, വ്യക്തമായ ഒരു തീരുമാമെടുക്കാനുള്ള കൃപ ലഭിക്കണം. ഇക്കാര്യങ്ങളെല്ലാം പരിശുദ്ധ അമ്മയുടെ പാദത്തിങ്കൽ സമർപ്പിച്ച് മനസ്സുരുകി പ്രാർത്ഥിച്ചു.

ലൂർദ്ദിൽനിന്നു വീട്ടിൽ തിരിച്ചെത്തിയ ജൂലിയാനെ ഏറെ സന്തോഷത്തോടുകൂടിയാണ് ബന്ധുമിത്രാദികൾ സ്വീകരിച്ചത്. അവൻ മടങ്ങിവരുന്നതിനുവേണ്ടി കണ്ണീരോടും, പ്രാർത്ഥനയോടുംകൂടിയാണ് അവർ കാത്തിരുന്നത്. പ്രത്യേകിച്ചും, രോഗിണിയായ അവന്റെ അമ്മ. യുദ്ധക്കളത്തിലും അതിനുശേഷവുമുണ്ടായ അനുഭവങ്ങൾ അവൻ അവരോടു പങ്കുവച്ചു. തന്റെ ഭാവിയെപ്പറ്റി അവൻ ഗൗരവതരമായി ചിന്തിക്കാനും തുടങ്ങി. അമ്മ രോഗിയായതുകൊണ്ട് എത്രയും നേരത്തെ വിവാഹം കഴിച്ചാൽ നന്നായിരിക്കുമെന്നു തോന്നി. അധികം താമസിയാതെ അവിടെ അടുത്തുള്ള ഒരു യുവതിയുമായി ജൂലിയനുമായുള്ള വിവാഹത്തിന് അവൾക്കു സമ്മതമായിരുന്നു. ഇക്കാര്യം അമ്മയോടു വെളിപ്പെടുത്തിയപ്പോൾ അവരുടെ ആഗ്രഹം മകനൊരു വൈദികനായി കാണണമെന്നതായിരുന്നു. പക്ഷെ അവന്റെ തീരുമാനമെന്തായിരുന്നാലും അതു സ്വീകരിക്കുവാൻ അവർ സന്നദ്ധയായിരുന്നു. ജൂലിയൻ ആകപ്പാടെ ധർമ്മസങ്കടത്തിലായി. വിവാഹം കഴിക്കാമെന്ന് താൻ വാക്കുകൊടുത്ത യുവതിയോട് എന്തു പറയും. ഏറെ മാനസിക സമ്മർദ്ദം അനുഭവപ്പെട്ട ദിവസങ്ങളായിരുന്നു അവ. ലിസ്യുവിലെ വി. കൊച്ചുത്രേസ്യായുടെ ആത്മകഥ ആയിടെ അവൻ വായിക്കാനിടയായി. വിശുദ്ധയുടെ ജീവിതവും ആത്മാക്കൾക്കുവേണ്ടി

യുള്ള ദാഹവും അവനെ ആകർഷിച്ചു. ഒരു മിഷനറി വൈദികനായി തീരാനുള്ള ആഗ്രഹം മനസ്സിലുദിച്ചു. ഹൃദയത്തിൽ എന്തെന്നില്ലാത്ത ശാന്തതയും സ്വസ്ഥതയും അനുഭവപ്പെട്ടു. പക്ഷെ, മനസ്സിലൊരു ഭയം അവശേഷിച്ചു. താൻ വിവാഹം ചെയ്തുകൊള്ളാമെന്ന് വാക്കു പറഞ്ഞ ആ യുവതിയോട് എന്താണ് പറയുക? അവളുടെ പ്രതികരണം എപ്രകാരമായിരിക്കും? അവസാനം ജൂലിയൻ ആ സ്ത്രീയോടു കാര്യങ്ങളെല്ലാം വിശദമായി പറഞ്ഞു. അവനെ മനസ്സിലാക്കാനും, അവന്റെ തീരുമാനത്തെ മാനിക്കാനും, കെല്പുള്ള സ്ത്രീയായിരുന്നു അവൾ. ജൂലിയന്റെ താല്പര്യം വൈദികനാകാനാണെങ്കിൽ തന്റെ തീരുമാനം ഒരു കന്യാസ്ത്രിയാകാനാണെന്നും അവർ അറിയിച്ചു. പരസ്പരം നന്മകൾ നേർന്നുകൊണ്ട് അവർ പിരിഞ്ഞു. ആ യുവതി പിന്നീട് ഒരു കന്യാസ്ത്രിയാകുകയും, അനേകം അനാഥക്കുട്ടികളെ സംരക്ഷിക്കുന്ന ഒരു അനാഥമന്ദിരത്തിന്റെ മദർ ആകുകയും ചെയ്തു. വർഷങ്ങൾക്കുശേഷം തന്റെ ദൈവവിളിയെപ്പറ്റി പറയുമ്പോൾ അദെയോദാത്തൂസച്ചൻ തന്റെ സഭാംഗങ്ങളോടു പറയുമായിരുന്നു: "*ഇപ്പോൾ അവർക്കും ധാരാളം മക്കൾ, എനിക്കും ധാരാളം മക്കൾ*" എന്ന്. (ആത്മീയമായി സഹായിക്കുന്നവരെ മക്കൾ എന്നാണ് ആത്മീയ ഗുരുക്കന്മാർ വിളിക്കുന്നത്.

വി. കൊച്ചുത്രേസ്യായുടെ ആത്മകഥാപാരായണമായിരിക്കാം ഒരുപക്ഷെ അദ്ദേഹത്തെ കർമ്മെലസഭയിലേയ്ക്കു നയിച്ചത്. ആഴമായ പ്രാർത്ഥനാജീവിതത്തിനും, കർക്കശമായ തപശ്ചര്യകൾക്കും, പ്രസിദ്ധമായ കർമ്മെലസഭയുടെ ചൈതന്യവും, പ്രാർത്ഥനാജീവിതവും പ്രേഷിതപ്രവർത്തനവും ഏകോപിപ്പിച്ചുകൊണ്ടുപോകുക എന്നുള്ളതാണ്. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി തീവ്രമായി അഭിലഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത ആവിലായിലെ അമ്മത്രേസ്യായാൽ നവീകൃതമായ നിഷ്പാദുക കർമ്മെലസഭയിൽ ചേരാനാണ് ജൂലിയൻ തീരുമാനിച്ചത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യേകിച്ച് കേരളത്തിലും കർമ്മെലീത്താ മിഷനറിമാർ പ്രവർത്തിക്കുന്നുണ്ടായിരുന്നു. കർമ്മലസഭയിൽ ചേരുകയാണെങ്കിൽ മിഷൻ പ്രവർത്തനത്തിനു പോകാൻ സാധിക്കുക എന്ന ചിന്ത ഒരുപക്ഷെ അദ്ദേഹത്തെ സ്വാധീനിച്ചിട്ടുണ്ടാകാം.

1920 ജൂലൈ 12ന് അദ്ദേഹം പ്രഥമ വ്രതവാഗ്ദാനം നടത്തി, വി. പത്രോസിന്റെ അദെയോദാത്തൂസ് എന്ന പേരു സ്വീകരിച്ചു. ഇതിന് ഒരു വർഷം മുമ്പായിരിക്കണം ബെൽജിയത്തുള്ള നിഷ്പാദുക കർമ്മെലസഭയുടെ ഫ്ളാന്റേഴ്സ് പ്രോവിൻസിൽ വൈദികാർത്ഥിയായി പ്രവേശിച്ചത്. കുർത്ര് എന്ന സ്ഥലത്തുള്ള വൈദിക പരിശീലനകേന്ദ്രത്തിലാണ് തത്വശാസ്ത്രവും ദൈവശാസ്ത്രവും ബദർ അദെയോദാത്തൂസ് പഠിച്ചത്. വിജയപ്രദമായി പഠനം പൂർത്തിയാക്കിയ അദ്ദേഹത്തിന് 1927 ജൂലൈ 31ന് വൈദികപട്ടം ലഭിച്ചു. ഏറെനാളത്തെ ഒരുക്കവും പ്രാർത്ഥനയും പൂവണിയുന്ന സുന്ദരനിമിഷമായിരുന്നു അത്. പട്ടം കഴിഞ്ഞ ഉടനെ ഇന്ത്യയിലേയ്ക്കു പോകാനുള്ള ഒരുക്കങ്ങളും ആരംഭിച്ചു. അദ്ദേഹം അംഗമായിരുന്ന ഫ്ളാന്റേഴ്സ് പ്രോവിൻസിനെയാണ് കൊല്ലം രൂപതയിലെ മിഷൻ പ്രവർത്തനം ഏല്പിച്ചിരുന്നത്. ഇന്നത്തെ അഞ്ചു രൂപതകൾ ഉൾക്കൊള്ളുന്ന അന്നത്തെ അവിഭക്ത കൊല്ലം രൂപതയിൽ മിഷൻ പ്രവർത്തനത്തിനായി ധാരാളം വൈദികരെ ആവശ്യമുണ്ടായിരുന്നു. ഏതദ്ദേശീയരെ കർമ്മെലസഭയിലേയ്ക്ക് അംഗങ്ങളായി സ്വീകരിക്കാനുള്ള ഒരുക്കങ്ങളും തകൃതിയായി നടന്നുകൊണ്ടിരിക്കുന്ന കാലം. 1927 നവംബർ 4ന് കേരളത്തിലെത്തിയ ഫാ. അദെയോദാത്തൂസ് തിരുവനന്തപുരത്തുള്ള പാങ്ങോട്ട് ആശ്രമത്തിൽ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായിട്ടാണ് ആദ്യം നിയോഗിക്കപ്പെട്ടതെന്നതും ശ്രദ്ധേയമാണ്.

# II
# പാങ്ങോട് ആശ്രമത്തിൽ

തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗത്തുള്ള പാങ്ങോട് ആശ്രമവുമായി ബന്ധപ്പെട്ടു മാത്രമേ അദെയോദാത്തൂസച്ചന്റെ ആദ്യകാല പ്രവർത്തനവും ജീവിതവിശുദ്ധിയും മനസ്സിലാക്കാൻ സാധിക്കുകയുള്ളു. കർമ്മെലീത്താസഭയുടെ ചൈതന്യം അതിന്റെ പൂർണ്ണതയിൽ ജീവിക്കുന്ന ഒരാശ്രമം ഭാരതത്തിൽ ഉണ്ടാകണമെന്ന സഭാധികാരികളുടെ തീരുമാനത്തിന്റെ ഫലമായാണ് പാങ്ങോട് ആശ്രമം അഥവാ കാർമ്മെൽഹിൽ ആശ്രമം ഇന്നു കാണുന്ന സ്ഥലത്ത് സ്ഥാപിതമായ്. 1906-ൽ ഇന്നു കാണുന്ന വിശാലവും സുന്ദരവുമായ ആശ്രമത്തിന്റെ ഒരു ഭാഗവും, 1910-ൽ പാശ്ചാത്യ കലാവൈഭവത്തിന്റെ ശ്രേഷ്ഠത വിളിച്ചോതുന്ന ബ്രഹ്മാണ്ഡമായ ആശ്രമദൈവാലയവും നിർമ്മിക്കപ്പെട്ടു. സഭാംഗങ്ങളാകാൻ പല നാട്ടുകാരും മുന്നോട്ടു വന്നെങ്കിലും യൂറോപ്യൻ വംശജരായവരെ മാത്രമേ വൈദികരാക്കൂ എന്നു കേട്ടപ്പോൾ മടങ്ങിപ്പോയി. ഈ സാഹചര്യത്തിൽ സഭാധികാരികൾ ഒരു പുനർവിചിന്തനത്തിനു തയ്യാറാകുകയും നാട്ടുകാരായവരെയും പൗരോഹിത്യത്തിലേയ്ക്കു സ്വീകരിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു. തൽഫലമായി വന്ന അർത്ഥികൾ 1928 മാർച്ച് 19-നാണ് സന്യാസജീവിതത്തിന്റെ പ്രഥമഘട്ടമായ നോവീഷ്യേറ്റ് ആരംഭിച്ചത്. ഇവർക്കു മെച്ചപ്പെട്ട രൂപീകരണം നല്കുന്നതിനുവേണ്ടിയാണ് ബെൽജിയത്തുള്ള സഭാധികാരികൾ ഫാ. അദെയോദാത്തൂസിനെയും ഫാ. ലോറൻസിനെയും ഇന്ത്യയിലേയ്ക്ക് അയച്ചത്. കൊല്ലം രൂപതയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഫ. കോൺസ്റ്റന്റൈയിനെയും ഫാ. ലൂക്കാസിനെയും ഇതോടൊപ്പം പാങ്ങോട് ആശ്രമത്തിലേയ്ക്കയച്ചു. അനേക വർഷം ഇവരായിരുന്നു ആശ്രമത്തിന്റെ സുപ്പീരിയറായും രൂപീകരണ ചുമതലയുള്ള നോവീസ് മാസ്റ്ററായും സേവനം ചെയ്തത്.

വൈദിക വിദ്യാർത്ഥികളെ ലത്തീൻ, ഗ്രീക്ക്, ഫ്രഞ്ച് മുതലായ ഭാഷകൾ പഠിപ്പിക്കുന്ന ജോലിയാണ് അദെയോദാത്തൂസച്ചന് ആദ്യം നല്കിയത്. 1929-ൽ കാർമ്മെൽഹിൽ ആശ്രമത്തെ തത്വശാസ്ത്രകോളേജായും 1932ൽ ദൈവശാസ്ത്രകോളേജായും സഭാധികാരികൾ ഉയർത്തി. അതോടുകൂടി ഫാ. അദെയോദാത്തൂസ് വൈദിക വിദ്യാർത്ഥികളെ തത്വശാസ്ത്രവും ദൈവശാസ്ത്രവും ഇംഗ്ലീഷിൽ പഠിപ്പിക്കുവാൻ തുടങ്ങി. ഇതിനോടകം അദ്ദേഹം ഇംഗ്ലീഷ് ഭാഷ സാമാന്യം നന്നായി സംസാരിക്കുവാൻ പഠിച്ചിരുന്നു. പഠിപ്പിക്കുന്നതു കൂടാതെ മറ്റു പല ജോലികളും ചെയ്യാനുണ്ടായിരുന്നു. നോവീസുമാരുടെ കുമ്പസാരക്കാരനായും അവൈദികരായ ബ്രദേഴ്സിന്റെ ആത്മീയനിയന്താവായും സേവനം അനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ കീഴിൽ പരിശീലനം സിദ്ധിച്ച ബ്രദേഴ്സ് ബേഡിൽ, റെദംപ്തൂസ്, റോമേവൂസ്, പ്ലാസിഡ് മുതലായവർ ജീവിതവിശുദ്ധികൊണ്ടും, നിസ്തുലമായ സേവനം കൊണ്ടും, സഭാചരിത്രത്തിൽ ആഴമായ വ്യക്തിമുദ്ര പതിച്ചിട്ടുള്ളവരാണ്. അദെയോദാത്തൂസച്ചൻ അതുപോലെ ആശ്രമത്തിലെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന പ്രൊക്യുറേറ്ററായും ജോലി ചെയ്തിരുന്നു. പണസംബന്ധമായ കണക്കുകൾ എഴുതി സൂക്ഷിക്കുക, ദൈനംദിന ജീവിതത്തിന് ആവശ്യമായ വസ്തുക്കൾ വാങ്ങിക്കൊടുക്കുക മുതലായ കാര്യങ്ങൾ തികഞ്ഞ അർപ്പണ മനോഭാവത്തോടെ നിർവ്വഹിക്കുകയുണ്ടായി.

വിദേശീയർക്കു താരതമ്യേന വിഷമം പിടിച്ച മലയാളഭാഷ അദ്ദേഹം സാമാന്യം

നന്നായി സംസാരിക്കുകയും മലയാളത്തിൽ പ്രസംഗിക്കുകയും ചെയ്തിരുന്നു. മറ്റു മിഷനറിമാരേക്കാൾ ഏറ്റം നന്നായി മലയാളഭാഷ സംസാരിച്ചിരുന്നത് അദ്ദേഹമായിരുന്നു. തന്മൂലം അവരേക്കാളെല്ലാം ഫലപ്രദമായി സേവനം ചെയ്യാനും അദ്ദേഹത്തിനു സാധിച്ചു എന്നുള്ളത് ഒരു വസ്തുതയാണ്. ഒരിക്കൽ മലയാളത്തിൽ കുമ്പസാരം കേൾക്കുന്ന അവസരത്തിലുണ്ടായ ഒരബദ്ധത്തെപ്പറ്റി അദ്ദേഹം പറഞ്ഞതായി കേട്ടിട്ടുണ്ട്. ഒരു വിദ്യാർത്ഥി വന്ന് ഗുരുക്കന്മാരെ ചീത്തവിളിച്ചു എന്നാണ് കുമ്പസാരിച്ചത്. *ഗുരുക്കന്മാർ* എന്ന വാക്ക് *കുറുക്കന്മാർ* എന്നാണ് അദ്ദേഹം മനസ്സിലാക്കിയത്. "*കുറുക്കന്മാരല്ലേ, സാരമില്ല മോനേ*" എന്നു പറഞ്ഞ് അദ്ദേഹം അവനെ ആശ്വസിപ്പിച്ചു. താൻ പറഞ്ഞതു അച്ചനു ശരിക്കു മനസ്സിലായില്ല എന്നു കണ്ട ആ കുട്ടി കാര്യം വ്യക്തമാക്കിക്കൊടുത്തു. അപ്പോൾ അദ്ദേഹം "*അതു തെറ്റാണ്, അവരെ ഒരിക്കലും ചീത്ത വിളിക്കാൻ പാടില്ല*" എന്നു പറഞ്ഞ് ഉപദേശം നല്കി.

1947-ൽ അദെയോദാത്തൂസച്ചൻ മിഷനിലേയ്ക്കു പോകുന്നതിനുമുമ്പ് ഏതാണ്ട്19 വർഷക്കാലം കാർമ്മെൽഹിൽ ആശ്രമത്തിലാണ് ചെലവിട്ടത്. അദ്ദേഹത്തിന്റെ കൂടെ ജീവിക്കുകയും അദ്ദേഹത്തെ അടുത്തറിയുകയും ചെയ്തവർ ഈ ഗ്രന്ഥകർത്താവിനോടു പറഞ്ഞ കാര്യങ്ങളും കുറിച്ചുകൊള്ളട്ടെ.

### മാതൃകാ സന്യാസി:

അദെയോദാത്തൂസച്ചനെ അടുത്തറിഞ്ഞവർ ഒരേ സ്വരത്തിൽ പറയുന്നത് അദ്ദേഹം ഒരു വിശുദ്ധനാണെന്നാണ്. അദ്ദേഹത്തിന്റെ അപാരമായ സന്യാസ ചൈതന്യം മനസ്സിലാക്കണമെങ്കിൽ, രണ്ടാം വത്തിക്കാൻ കൗൺസിലിനുമുമ്പുള്ള സന്യാസജീവിതദർശനം മനസ്സിലാക്കണം. നിയമാനുഷ്ഠാനത്തിനും ആചാരാനുഷ്ഠാനങ്ങൾക്കും കർക്കശമായ ഊന്നൽ കൊടുത്തിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ആര് നിയമങ്ങളും ചിട്ടകളും പൂർണ്ണമായി പാലിക്കുന്നുവോ, ആ വ്യക്തിയെ ഉത്തമസന്യാസി എന്ന് വിശേഷിപ്പിച്ചിരുന്ന കാലഘട്ടം. ഈ കാലഘട്ടത്തിലും സന്യാസാനുഷ്ഠാനത്തെ ആഴമായ ആദ്ധ്യാത്മിക ചൈതന്യം നിർവ്യാജമായിരിക്കുകയും വേണം. അദെയോദാത്തൂസച്ചനെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാക്കിയാണ് ഈ സ്വഭാവവിശേഷമാണ്. എത്ര തിരക്കിനിടയിലായാലും സമൂഹത്തിന്റെ പൊതു പ്രാർത്ഥനാവേളകളിൽ കൃത്യമായി പങ്കെടുക്കാൻ അദ്ദേഹം ഏറെ ശ്രദ്ധിച്ചിരുന്നു. ഏതെങ്കിലും ജോലിയുടെ പേരിൽ പ്രാർത്ഥനയിൽനിന്നും ഒഴിഞ്ഞുമാറുന്നവർക്ക് ഒരു വെല്ലുവിളിയാണ് അദ്ദേഹത്തിന്റെ ജീവിതം. മുറിയിൽനിന്നു പുറത്തിറങ്ങിയാലുടൻ അരയിലെ ബെൽറ്റിൽ തൂക്കിയിരിക്കുന്ന ജപമാല കൈയിലെടുത്തു പ്രാർത്ഥിക്കുന്നത് എപ്പോഴും കാണാമെന്ന് അനേകം വർഷം കൂടെ ജീവിച്ച ഫാ. ആൽബർട്ട് കട്ടിക്കാരൻ എന്നോടു പറയുകയുണ്ടായി. സന്യാസവ്രതങ്ങൾ കൃത്യമായി പാലിക്കുന്ന വ്യക്തിയാണല്ലോ പുണ്യപൂർണ്ണത പ്രാപിക്കുന്നതും. വ്രതാനുഷ്ഠാനത്തിന്റെ കാര്യത്തിലും അദെയോദാത്തൂസച്ചൻ അങ്ങേയറ്റം ശ്രദ്ധാലുവായിരുന്നു. അദ്ദേഹത്തിന്റെ അനിതരസാധാരണമായ ദാരിദ്ര്യാരൂപിയെ സൂചിപ്പിക്കാൻ പല സംഭവങ്ങളും പറഞ്ഞു കേട്ടിട്ടുണ്ട്. യാതൊരു വസ്തുവും പാഴാക്കിക്കളയരുതെന്ന് അദ്ദേഹത്തിന് നിർബ്ബന്ധമുണ്ടായിരുന്നു. മറ്റുള്ളവർ കളയുന്ന തുണ്ടു കടലാസ്സുകളും, റൊട്ടി മുറിക്കുമ്പോൾ വീഴുന്ന പൊടിയും, താഴെ വീഴുന്ന പഞ്ചസാരത്തരികളും അദ്ദേഹം സംഭരിച്ച് ഉപയോഗിക്കുമായിരുന്നു. ഒരു പക്ഷെ, ഇന്നുള്ളവർക്ക് ഇതു കേൾക്കുമ്പോൾ പുച്ഛം തോന്നിയേക്കാം. അനുസരണത്തിലൂടെ ഒരാൾ സ്വന്തം മനസ്സിനെ അധികാരികളിലൂടെ വെളിപ്പെടുന്ന ദൈവതിരുമനസ്സിന് വിട്ടുകൊടുക്കുകയാണ്. ഇതിൽനിന്നും മനസ്സിലാക്കേണ്ടത് ഒരാൾ തന്റെ സ്വന്തം അഭിപ്രായത്തെയും കാഴ്ചപ്പാടുകളെയും നിഹനിക്കണം എന്നല്ല, മറിച്ച് പൊതുനന്മയ്ക്കു വേണ്ടി അവ പ്രകടിപ്പിക്കാനും, പങ്കുവയ്ക്കാനും തയ്യാറാകണം. സമൂഹത്തിന്റെ പൊതു

നന്മയെപ്പറ്റിയുള്ള ചർച്ചാവേളകളിൽ അദെയോദാത്തൂസച്ചൻ സ്വന്തം അഭിപ്രായം വെട്ടിത്തുറന്നു പറയും. പക്ഷെ സമൂഹം എടുക്കുന്ന തീരുമാനം എന്തായാലും സ്വന്തം താല്പര്യത്തിനു വിരുദ്ധമായിരുന്നാലും, അദ്ദേഹം അതു സന്തോഷപൂർവ്വം പാലിക്കും.

### സരസനായ സന്യാസി:

വളരെ കർക്കശമായ സന്യാസജീവിതത്തിനിടയിലും നർമ്മബോധം നിലനിർത്താൻ സാധിച്ചു എന്നത് അദ്ദേഹത്തിന്റെ പ്രത്യേകതയാണ്. വലിയ വിശുദ്ധരായ കൊച്ചുത്രേസ്യായും എഡിത്ത് സ്റ്റെയിനുമൊക്കെ സമൂഹത്തിന്റെ കെട്ടുറപ്പിനും സാഹോദര്യത്തിന്റെ വളർച്ചയ്ക്കുംവേണ്ടി നർമ്മരസം കാത്തുസൂക്ഷിച്ചവരാണ്. തമാശകൾ പറയുവാനും അവ കേട്ട് ആസ്വദിക്കാനും സാധിക്കുക ഒരു നല്ല സന്യാസിയുടെ ലക്ഷണമാണ്. ഫാ. അദെയോദാത്തൂസിന്റെ നർമ്മപ്രകൃതി പ്രകടിപ്പിക്കുന്ന അനേകം സംഭവങ്ങളിൽ ഒരെണ്ണം മാത്രം വിവരിക്കാം. വൈദികവിദ്യാർത്ഥികളുടെ സുഹൃത്തും അദ്ധ്യാപകനുമായ അദ്ദേഹത്തെ ഒന്ന് കബളിപ്പിക്കണമെന്ന് നോവീസുമാർ തീരുമാനിച്ചു. ഒരു ദിവസം അവർ ഒരു സൈക്കിൾ ടയറിലെ ട്യൂബെടുത്ത് അധികം വെളിച്ചമില്ലാത്ത സ്ഥലത്ത് പാമ്പിന്റെ ആകൃതിയിൽ നിവർത്തിയിട്ടു. ഒറ്റ നോട്ടത്തിൽ അതൊരു പാമ്പാണെന്ന് ആർക്കും തോന്നും. ഉടനടി അദെയോദാത്തൂസച്ചന്റെ അടുക്കൽ ആളയച്ച് അറിയിച്ചു. ആശ്രമവളപ്പിൽ പാമ്പു കയറിയിട്ടുണ്ടെന്ന്. ധൈര്യശാലിയായ അച്ചൻ കേട്ടപാടേ ഒരു വടിയുമായി പുറപ്പെട്ടു. പാമ്പു കിടക്കുന്ന സ്ഥലം നോവീസുമാർ ഉത്സാഹപൂർവ്വം കാണിച്ചുകൊടുത്തു. മങ്ങിയ വെളിച്ചത്തിൽ കിടന്ന പാമ്പിനെ അദ്ദേഹം സർവ്വശക്തിയുമുപയോഗിച്ച് പ്രഹരിക്കാൻ തുടങ്ങി. ഓരോ തല്ലു കൊള്ളുമ്പോഴും പാമ്പ് മുകളിലേയ്ക്കു ചാടും. തല്ലിയിട്ടും തല്ലിയിട്ടും പാമ്പു ചാകുന്ന ലക്ഷണമില്ല. മാറിനിന്നു അടക്കിപ്പിടിച്ചിരിക്കുന്ന നോവീസുമാരെ കണ്ടപ്പോഴാണ് താൻ കബളിപ്പിക്കപ്പെടുകയായിരുന്നു എന്ന് അച്ചന് മനസ്സിലായത്. നെറ്റിയിലെ വിയർപ്പ് തുടച്ചതിനുശേഷം അദ്ദേഹം അവരുടെ സന്തോഷത്തിൽ പങ്കുകൊണ്ടു. തന്നെ കബളിപ്പിച്ച വിദ്യാർത്ഥികളോട് യാതൊരുവിധ പകയോ അനിഷ്ടമോ പ്രകടിപ്പിച്ചില്ല എന്നുള്ളത് അദ്ദേഹത്തിന്റെ വിശാലഹൃദയത്തെ പ്രകടിപ്പിക്കുന്നു.

### തീക്ഷ്ണമതിയായ പ്രേഷിതവര്യൻ:

ആശ്രമത്തിലെ അദ്ധ്യാപനത്തിനും മറ്റു ജോലികൾക്കും പുറമേ, ബാഹ്യമായ പ്രേഷിതപ്രവർത്തനങ്ങൾക്കും അദ്ദേഹം സന്തോഷപൂർവ്വം പോകുമായിരുന്നു. തിരുവനന്തപുരത്തുള്ള സെൻട്രൽ ജയിലായിരുന്നു അദ്ദേഹത്തിന്റെ ഒരു പ്രധാന പ്രവർത്തനകേന്ദ്രം. തടവുകാരുടെ കുമ്പസാരം കേൾക്കുക, അവർക്കു നല്ല ഉപദേശങ്ങൾ നല്കുക, വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെ നല്ല മരണത്തിന് ഒരുക്കുക മുതലായ കാര്യങ്ങൾ അദ്ദേഹം അവിടെ നിർവ്വഹിച്ചു. അച്ചന്റെ സംസാരവും വാത്സല്യപൂർവ്വകമായ പെരുമാറ്റവും തടവുകാർക്കും ഇഷ്ടമായിരുന്നു.

നൂറനാടുള്ള കുഷ്ഠരോഗാശുപത്രിയായിരുന്നു അദ്ദേഹത്തിന്റെ മറ്റൊരു സേവനരംഗം. അവിടെയുള്ള രോഗികളുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റാനായി അദ്ദേഹം അവിടെ സ്ഥിരമായി ചെല്ലുമായിരുന്നു. രോഗികളെ ശുശ്രൂഷിക്കുമ്പോൾ യേശുവിനെയാണ് ശുശ്രൂഷിക്കുന്നതെന്ന യേശുവിന്റെ വചസ്സുകൾ അദ്ദേഹത്തെ സദാ സ്വാധീനിച്ചിരുന്നു. ദരിദ്രരായ രോഗികൾക്ക് ആഹാരവും വസ്ത്രവും നല്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

തിരുവനന്തപുരത്ത് ഊളമ്പാറയിലുള്ള മാനസികാരോഗ്യകേന്ദ്രം അക്കാലത്തെ കേരളത്തിലെ പ്രസിദ്ധമായ മാനസികരോഗാശുപത്രിയായിരുന്നു. നാനാവിധത്തിലുള്ള മാനസിക രോഗങ്ങൾ ബാധിച്ച രോഗികളെ നാടിന്റെ വിവിധ ദിക്കിൽ നിന്നും അവിടെ ചികി

ത്സക്കായി കൊണ്ടുവന്നിരുന്നു. രോഗികളുടെ ആത്മീയ ആവശ്യങ്ങൾക്കായി അദെയോദാത്തൂസച്ചൻ ഇന്ത്യയിൽ വന്ന നാൾ മുതൽ അവിടെ തുടർച്ചയായി പോയിരുന്നു. രോഗികളോടുള്ള സ്നേഹമസൃണമായ പെരുമാറ്റവും, പ്രാർത്ഥനാശുശ്രൂഷയുമൊക്കെ അവർക്ക് ഒത്തിരി ഗുണം ചെയ്യുകയുണ്ടായി. ഞായറാഴ്ച തോറുമുള്ള അദ്ദേഹത്തിന്റെ വരവിനെ ആകാംക്ഷപൂർവ്വമാണ് രോഗികൾ കാത്തിരുന്നത്.

അനന്തപുരിയുടെ പ്രകാശഗോപുരം എന്ന് ഏവരാലും പ്രകീർത്തിക്കപ്പെടുന്ന പാങ്ങോട് ആശ്രമത്തിലെ വൈദികർ അതിന്റെ ആരംഭം മുതൽ ആ പ്രദേശത്തുള്ള ജനങ്ങളുടെ ആത്മീയകാര്യങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ ഉത്സുകരായിരുന്നു. ആശ്രമ ദൈവാലയത്തിൽ കുമ്പസാരത്തിനും, ആത്മീയ ഉപദേശത്തിനുമായി കടന്നുവരുന്നവരുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുക ആശ്രമത്തിലെ സന്യാസികളുടെ മുഖ്യകർമ്മങ്ങളിലൊന്നാണ്. ആശ്രമത്തിനു ചുറ്റുമുള്ള സന്യാസഭവനങ്ങളിലും, മഠങ്ങളിലും, മാസധ്യാനത്തിനും, കുമ്പസാരത്തിനും പോകുവാനും അവർ എന്നും തയ്യാറായിരുന്നു. അടുത്തുള്ള സ്ഥാപനങ്ങളിൽ ഇങ്ങനെയുള്ള ശുശ്രൂഷകൾക്കു പോകാൻ അദെയോദാത്തൂസച്ചൻ എന്നും തയ്യാറായിരുന്നു. തിരുവനന്തപുരത്തുള്ള പുരാതനവും പ്രസിദ്ധവുമായ ഹോളി ഏഞ്ചൽസ് മഠത്തിൽ അച്ചൻ കുമ്പസാരം കേൾക്കാൻ ചെന്നിരുന്ന കാര്യം അവിടെയുള്ള പ്രായമായ സിസ്റ്റേഴ്സ് ഇപ്പോഴും പറയാറുണ്ട്.

1909-സ് പാങ്ങോട് ആശ്രമത്തിൽ സ്ഥാപിതമായ അല്മായ കർമ്മെലീത്താസഭയുടെ കാര്യങ്ങളിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നതായി കാണാം. അല്മായസഭയുടെ ഡയറക്ടർ എന്ന നിലയിൽ അല്മായ സഭാംഗങ്ങൾക്ക് ഉപദേശം നല്കാനും, ആത്മീയമായി ഉണർത്താനും തലസ്ഥാന നഗരിയിലെ ഉന്നതരും ഉത്തമരുമായ കത്തോലിക്കരെ അല്മായ സഭയിൽ അംഗങ്ങളായി ചേർക്കാനും ശ്രമിച്ചിരുന്നു. അങ്ങനെ ഒരു നല്ല സന്യാസിയായും, ഗുരുവായും, ആദ്ധ്യാത്മികപിതാവായും നീണ്ട പത്തൊമ്പതു വർഷങ്ങളാണ് അദ്ദേഹം ഈ ആശ്രമത്തിൽ ചെലവിട്ടത്.

# III
## മിഷൻ രംഗത്തേയ്ക്ക്

1947 ജനുവരി 21 ഭാരതത്തിലെ കർമ്മെലീത്താസഭയെ സംബന്ധിച്ചിടത്തോളം ഒരു സുപ്രധാന ദിനമാണ്. അന്നാണ് വിദേശീയരാൽ ഭരിക്കപ്പെട്ട മലബാർ സെമി പ്രോവിൻസിന്റെ സാരഥ്യം ഏതദ്ദേശീയരെ ഏല്പിച്ചത്. അന്നു മുതൽ മലബാർ സെമി പ്രോവിൻസ് സ്വതന്ത്രമായ യൂണിറ്റായി നിലവിൽ വന്നു. ഈ നാട്ടിലെ സഭയുടെ വളർച്ചയ്ക്കും സ്വയംപര്യാപ്തതയ്ക്കും പ്രസ്തുത ക്രമീകരണം ആവശ്യമായിരുന്നു. പുതിയ ക്രമീകരണം വന്നതോടുകൂടി വിദേശീയരായ മിഷണറിമാർ മിക്കവരും സ്വന്തം വീട്ടിലേയ്ക്കു മടങ്ങാൻ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ, രണ്ടുപേർ ഈ നാടിനോടും നാട്ടുകാരോടുമുള്ള സ്നേഹത്തെപ്രതി ഇന്ത്യയിൽത്തന്നെ ശിഷ്ടകാലം ചെലവിടുവാനും തീരുമാനിച്ചു. ഫാ. ലൂക്കാസും, ഫാ. അദെയോദാത്തൂസും ആയിരുന്നു ആ രണ്ടുപേർ. ഫാ. ലൂക്കാസ് ഗോവയിലെ ആശ്രമസ്ഥാപനത്തിനായി പോയപ്പോൾ ഫാ. അദെയോദാത്തൂസ് തിരുവനന്തപുരം രൂപതയുടെ ഉൾനാടൻ പ്രദേശങ്ങളിലേയ്ക്കാണ് മിഷൻ പ്രവർത്തനത്തിനായി പോയത്. അന്നത്തെ ബിഷപ്പായിരുന്ന വിൻസെന്റ് ദെരേരാ തിരുമേനി അദെയോദാത്തൂസച്ചനെ മുതിയാവിളയിലെ വികാരിയായി നിയമിക്കുകയും ചെയ്തു.

1898-ലാണ് അന്നത്തെ സഭാധികാരികൾ അവിഭക്ത കൊല്ലം രൂപതയുടെ ആത്മീയ കാര്യങ്ങൾ നോക്കുന്നതിനായി ബെൽജിയത്തുള്ള ഫ്ളാന്റേഴ്സ് പ്രോവിൻസിനെ ഉത്തരവാദിത്വമേല്പിച്ചത്. സ്വന്തം നാടും വീടും വിട്ട് വ്യത്യസ്തമായ കാലാവസ്ഥയും സംസ്കാരവുമുള്ള ഈ നാട്ടിൽ വന്ന അനേകം മിഷണറിമാരുടെ ത്യാഗോജ്ജ്വലമായ സേവനത്തിന്റെ ഫലമാണ് ഇന്നു കാണുന്ന അഞ്ചു രൂപതകളുടെ ആദ്യഘട്ടം എന്ന് ആരാണ് ഓർമ്മിക്കുക? ഈ മിഷനറിമാർ ഒഴുക്കിയ വിയർപ്പിന്റെയും ഉദാരമായി നല്കിയ സാമ്പത്തികസഹായത്തിന്റെയും ഫലമായാണ് വിവിധ പ്രദേശങ്ങളിൽ ക്രിസ്തീയ സമൂഹങ്ങൾ രൂപപ്പെടുവാൻ കാരണമായത്. ജനങ്ങളുടെ പുരോഗതിയും, ആത്മാക്കളുടെ രക്ഷയും മാത്രം ലക്ഷ്യംവച്ചുകൊണ്ട് പ്രവർത്തിച്ച അവർക്ക് മറ്റു താല്പര്യങ്ങളൊന്നുമില്ലായിരുന്നു. നെയ്യാറ്റിൻകര കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ഫാ. ജോൺ ഡമീഷൻ മുതിയാവിള കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ഫാ. ഇൽദഫോൺസ് മുതലായവർ അദെയോദാത്തൂസച്ചനെപ്പോലെ തന്നെ പ്രത്യേക പരിഗണനയും ശ്രദ്ധയും അർഹിക്കുന്നവരാണ്. മുതിയാവിളയിൽ പ്രവർത്തിച്ചിരുന്ന ഫാ. ഡോമിനിക്ക് യൂറോപ്പിലേയ്ക്ക് പോയ ഒഴിവിലാണ് ഫാ. അദെയോദാത്തൂസ് വികാരിയായി നിയമിക്കപ്പെട്ടത്.

കർമ്മനിരതവും, ത്യാഗോജ്ജ്വലവും, ഫലസമൃദ്ധവുമായ മിഷൻപ്രവർത്തനങ്ങൾക്ക് അന്നു മുതൽ തുടക്കം കുറിച്ചു. തന്റെ മുൻഗാമികളിൽനിന്നും തികച്ചും വ്യത്യസ്തമായൊരു ശൈലിയാണ് അദ്ദേഹം കൈക്കൊണ്ടത്. അതുകൊണ്ടു തന്നെയാണല്ലോ കാലമേറെ കഴിഞ്ഞിട്ടും ആയിരങ്ങളുടെ മനസ്സിൽ അദ്ദേഹം ഇന്നും സ്നേഹനിധിയായ വല്യച്ചനായി നിറഞ്ഞുനില്ക്കുന്നത്. ഏതൊരു മിഷനറിയും അവലംബിക്കേണ്ട, ഏതൊരു വൈദികനും മാതൃകയാക്കേണ്ട സുകൃതത്തിന്റെയും സഹനത്തിന്റെയും പ്രവർത്തനശൈലി.

അദെയോദാത്തൂസച്ചനും മറ്റു കർമ്മെലീത്താ മിഷനറിമാരും ഭാരതത്തിലോ അതുപോലുള്ള മറ്റു മിഷൻ പ്രദേശങ്ങളിലോ എത്തിയത് നിഷ്പാദുക കർമ്മെലസഭയുടെ നവീകൃത കർത്താവായ ആവിലായിലെ വി. അമ്മത്രേസ്യായുടെ മിഷനറി ചൈതന്യവും ഹൃദയത്തിൽ പേറിക്കൊണ്ടായിരുന്നു. വിശേഷിപ്പിക്കുന്ന വി. അമ്മത്രേസ്യാ ആത്മാക്ക

ളുടെ രക്ഷയ്ക്കുവേണ്ടി ഒരായിരം തവണ മരിക്കാൻ സന്നദ്ധതയുള്ള ഒരു മിസ്റ്റിക്ക് ആയിരുന്നു. യേശുവിനെ അറിയാതെ അനേകായിരങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മരിക്കുന്നുണ്ട് എന്ന വസ്തുത അവരെ വളരെയേറെ വേദനിപ്പിച്ചു. ഇങ്ങനെയുള്ളവർക്കു സുവിശേഷവെളിച്ചം നല്കാനായി അവർ ജീവിച്ചിരുന്ന കാലത്തുതന്നെ മിഷൻ പ്രവർത്തനം പ്രോത്സാഹിപ്പിക്കുകയുണ്ടായി. അമ്മത്രേസ്യായുടെ മിഷനറി ചൈതന്യം സ്വന്തമാക്കിയ സഭാതനയർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾക്കും, മനുഷ്യരുടെ സമഗ്രമായ വളർച്ചയ്ക്കുള്ള കർമ്മപദ്ധതികളിലും വ്യാപൃതരായിരിക്കുന്നു.

മുതിയാവിള കേന്ദ്രമാക്കിയാണ് അദെയോദാത്തൂസച്ചൻ തന്റെ ഇരുപതു വർഷത്തെ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ചത്. അദ്ദേഹം ചാർജ്ജെടുക്കുമ്പോൾ പള്ളിയ്ക്ക് ഒരേക്കർ സ്ഥലവും, ഒരു മാർക്കറ്റും, മൂന്നാം ക്ലാസ്സുവരെയുള്ള പ്രൈമറി സ്കൂളുമേ ഉണ്ടായിരുന്നുള്ളു. അദ്ദേഹം പള്ളിയ്ക്കുവേണ്ടി കൂടുതൽ സ്ഥലം വാങ്ങിച്ചു. സ്കൂളിനെ അഞ്ചാം ക്ലാസ്സുവരെ ഉയർത്തി. ഇടവകയിലെ വ്യത്യസ്ത പ്രവർത്തനങ്ങളെ ഊർജ്ജിതമാക്കി. വിശ്വാസ പരിശീലന ക്ലാസ്സുകൾ ചിട്ടയായി ക്രമീകരിച്ചു. ലീജിയൻ ഓഫ് മേരി പോലുള്ള, മാതാവിന്റെ ഭക്തസംഘടനകൾ ശക്തിപ്പെടുത്തി.

അന്ന് മുതിയാവിളയുടെ കീഴിൽ ഏതാണ്ട് ഇരുപതോളം സ്റ്റേഷനുകളുണ്ടായിരുന്നു. അവിടെയെല്ലാം അദ്ദേഹം മാറിമാറി പോയി ബലിയർപ്പിച്ചിരുന്നു. ഓരോ സ്റ്റേഷനും എട്ടും പത്തും മൈൽ ദൂരെയാണ്. ഇന്നത്തെപ്പോലെ ബസ് സൗകര്യമോ മറ്റു യാത്രാസൗകര്യമോ ഇല്ലാതിരുന്ന ആ കാലത്ത് സൈക്കിളിലും കാൽനടയായിട്ടും വേണം അവിടങ്ങളിലെത്താൻ. കൈയിലൊരു വടിയും, ഭാരമുള്ളൊരു ബാഗും തോളിൽ തൂക്കിയിട്ട് തവിട്ടു നിറത്തിലുള്ള ളോഹയും ധരിച്ച്, നരച്ച നീണ്ട താടിയും തടവി '*കൊച്ചുമക്കളേ*' എന്ന വാത്സല്യം നിറഞ്ഞ വിളിയുമായി നടക്കുന്ന വല്യച്ചന്റെ ചിത്രം പഴമക്കാരുടെ മനസ്സിൽ ഇന്നും മായാതെ നില്പുണ്ട്. പഴയനിയമത്തിലെ മോസസ്സിന്റെയോ ഏലിയാ പ്രവാചകന്റെയോ പ്രതീതി ജനിപ്പിക്കുന്ന വല്യച്ചന്റെ മട്ടും ഭാവവും ആബാലവൃദ്ധം ജനങ്ങളിൽ ഭയഭക്ത്യാദരവുകൾ ജനിപ്പിച്ചിരുന്നു. ജാതിമതഭേദമെന്യേ അദ്ദേഹം ഏവരുടെയും വല്യച്ചനായി മാറുകയായിരുന്നു.

തന്റെ പ്രവർത്തനമണ്ഡലങ്ങളിൽ ഏറ്റം ദൈർഘ്യമുള്ളതും ക്ലേശകരവുമായ രണ്ടു പ്രദേശങ്ങൾ കുടിയേറ്റ മേഖലകളായ മായവും അമ്പൂരിയുമായിരുന്നു. 1930കളിലെ കുടിയേറ്റ കാലത്ത് കോട്ടയം ജില്ലയിലെ വിവിധ ഭാഗത്തു നിന്നുള്ള കർഷകർ കൃഷിക്കാവശ്യമായ സ്ഥലം തേടി കേരളത്തിന്റെ വിവിധ വനപ്രദേശങ്ങളിലും മലയോരപ്രദേശങ്ങളിലും പോയിരുന്നു. മായം, അമ്പൂരി മുതലായ കാട്ടു പ്രദേശങ്ങളിലും കുറെപ്പേർ എത്തി. കാട്ടാനയും, കാട്ടുമൃഗങ്ങളും സ്വൈരവിഹാരം ചെയ്യുന്ന പ്രദേശം. മലമ്പനിയും മലേറിയായും സംഹാരതാണ്ഡവം നടത്തുന്ന കാലം. നടക്കാൻ റോഡുകളോ, കിടക്കാൻ വീടുകളോ, പ്രാർത്ഥിക്കാൻ പള്ളികളോ ഇല്ലാത്ത കുടിയേറ്റമേഖല. എല്ലാറ്റിനുമുപരിയായി ജനിക്കുന്ന കുട്ടികളൊന്നും വാഴുകയില്ലാത്ത അവസ്ഥ. വല്യച്ചന്റെ പ്രാർത്ഥനയ്ക്കുശേഷമാണ് കുട്ടികൾ വഴാൻ തുടങ്ങിയതെന്ന് നാട്ടുകാരിൽ പലരും ഈ ഗ്രന്ഥകർത്താവിനോടു പറഞ്ഞിട്ടുണ്ട്. ഇവിടെയുള്ള ജനങ്ങളിൽ നല്ല ശതമാനവും ക്രിസ്ത്യാനികളായിരുന്നു. അവരുടെ ആത്മീയാവശ്യങ്ങൾ നിറവേറ്റാൻ അജപാലകന്മാരെ ലഭ്യമല്ലാതിരുന്ന കാലഘട്ടം. ഈ അവസ്ഥയിലേയ്ക്കാണ് സ്വർഗ്ഗത്തിൽനിന്നയയ്ക്കപ്പെട്ട ദൂതനെപ്പോലെ വല്യച്ചൻ അവരുടെ മദ്ധ്യത്തിലേയ്ക്കു കടന്നു ചെന്നത്. കുടിയേറ്റക്കാർക്കെല്ലാം വല്യച്ചനൊരു സ്നേഹനിധിയായ പിതാവും കാവൽദൂതനുമായിരുന്നു.

മുതിയാവിളയിൽനിന്ന് ഏതാണ്ട് പതിമ്മൂന്ന് മൈൽ നടന്നാണ് വല്യച്ചൻ ഇവിടെ എത്തിയിരുന്നത്. രാത്രിയിലാണ് എത്തുന്നതെങ്കിൽ ഏതെങ്കിലുമൊരു വീടിന്റെ തിണ്ണയിൽ കൈവശമുള്ള സഞ്ചിയിൽനിന്ന് ഒരു തുണിയെടുത്തു വിരിച്ച് സഞ്ചി തലയിണയായി ഉപയോഗിച്ച് കിടക്കും. വീട്ടുകാരെ ഉണർത്തി ശല്യപ്പെടുത്തരുതെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. വല്യച്ചൻ എത്തിയെന്നു കേട്ടാൽ ആ വാർത്ത കാട്ടുതീപോലെ പടരും. വല്യച്ചനെ ദൂരെവച്ചു കാണുമ്പോഴേ പട്ടികൾ കുരയ്ക്കുകയും ഓലിയിടുകയും ചെയ്യും. അതു കാണുമ്പോൾ മുതിർന്നവർ പറയുമായിരുന്നു പിശാചുക്കൾ പേടിച്ച് ഓടുന്നതാണെന്ന്. വല്യച്ചൻ എത്തിയാലുടൻ വിശുദ്ധ കുർബ്ബാനയ്ക്കുള്ള ഒരുക്കങ്ങൾ ആരംഭിക്കും. മായത്തും, അമ്പൂരിയിലും പുല്ലുമേഞ്ഞ ഷെഡ്ഡുകളിലാണ് ബലിയർപ്പിച്ചിരുന്നത്. വിശുദ്ധ കുർബ്ബാനയ്ക്കു മുമ്പ് വന്നിരിക്കുന്നവരുടെയെല്ലാം കുമ്പസാരം കേട്ടിരിക്കും. വിശുദ്ധ കുർബ്ബാനയ്ക്കിടയിൽ സുവിശേഷത്തിനുശേഷം ഒരു ലഘുപ്രസംഗം എന്നും നടത്തിയിരുന്നു. എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിൽ, ഹൃദയസ്പർശിയായ രീതിയിൽ സംസാരിക്കാൻ വല്യച്ചനൊരു സവിശേഷപാടവമുണ്ടായിരുന്നു. ഒരിക്കൽ പ്രസംഗത്തിനിടയിൽ നരകത്തിന്റെ അഗ്നിയെപ്പറ്റി സൂചിപ്പിക്കാനായി കത്തുന്ന മെഴുകുതിരിയിൽ കൈകാണിച്ചിട്ടു പറഞ്ഞു, "*നിങ്ങൾക്ക് എത്രനേരം കത്തുന്ന ഈ തിരിയിൽ കൈപിടിക്കാം; മക്കളേ, അധികനേരം പറ്റില്ല; എങ്കിൽ, അതിലും ചൂടുള്ള നരകാഗ്നിയിൽ എത്രനാൾ കഴിയാൻ സാധിക്കും? അതുകൊണ്ട്, പാപം ചെയ്തു നരകാഗ്നിയിൽ പോകരുത്*". അദ്ദേഹം എല്ലാവരെയും ഓർമ്മിപ്പിക്കുമായിരുന്നു. ജനങ്ങൾക്കു മനസ്സിലാവുന്ന ഭാഷയും, വല്യച്ചന്റെ സവിശേഷമായ ഉച്ചാരണും ജനങ്ങളെ എന്നും സന്തോഷിപ്പിക്കുമായിരുന്നു. കുട്ടികളെ കാണുമ്പോൾ വല്യച്ചൻ ചോദിക്കും, "*മക്കളേ, വി. കുർബ്ബാന അപ്പമോ, റൊട്ടിയോ?*" ***"ഈശോ"*** എന്ന് കുട്ടികൾ പറഞ്ഞാൽ അദ്ദേഹം കൂട്ടിച്ചേർക്കും: ***"മക്കളേ, ഈശോ ആണ് ഈശോ".***

ഏറ്റം ഭക്തിയോടെയാണ് വല്യച്ചൻ വിശുദ്ധ കുർബ്ബാന അർപ്പിച്ചിരുന്നത്. അതിൽ പങ്കെടുക്കുക ജനങ്ങൾക്ക് ഒരു അനുഭവമായിരുന്നു. പ്രാർത്ഥനയുടെ കാര്യത്തിൽ വല്യച്ചന് ചില നിബന്ധനകളുണ്ടായിരുന്നു. രാവിലത്തെ ധ്യാനം മുടങ്ങാതെ നടത്തും. ആ സമയത്ത് ആരും വന്ന് ശല്യപ്പെടുത്താൻ പാടില്ല. വൈകുന്നേരങ്ങളിൽ, കർമ്മെലസഭയുടെ നിയമം അനുശാസിക്കുന്നതുപോലെ ഒരു മണിക്കൂർ കൃത്യമായി മാറ്റിവയ്ക്കും. ദൈവത്തോടു കൂടിയായിരിക്കുന്ന പുണ്യപ്പെട്ട നിമിഷം. വല്യച്ചന്റെ പ്രാർത്ഥനയുടെ സമയത്ത് ആരും കാണാൻ വരികയില്ല. അവർക്കെല്ലാം അറിയാം അച്ചൻ പ്രാർത്ഥനയിലാണെന്ന്. മരണാസന്നരായ രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ രാത്രിയെന്നോ പകലെന്നോ വ്യത്യാസം കൂടാതെ എപ്പോഴും തയ്യാറായിരുന്നു. അതിനുവേണ്ടി എത്ര ദൂരം വേണമെങ്കിലും നടക്കാൻ തയ്യാറാണ്. വല്യച്ചന്റെ കൂടെ ഇരുപതുവർഷവും ഉപദേശിയായിരുന്ന ശ്രീ ശബരിമുത്തൻ വല്യച്ചന്റെ ഈ തീക്ഷ്ണതയെപ്പറ്റി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

കുടിയേറ്റമേഖലയിലെ വിശ്വാസികൾക്ക് വല്യച്ചൻ മറ്റൊരു സേവനം കൂടി അനുഷ്ഠിച്ചിരുന്നു. വിശുദ്ധ കുർബ്ബാന കഴിഞ്ഞാൽ ിശ്വാസികളെല്ലാവരും അടുത്തുകൂടും. വല്യച്ചന്റെ കൈയിലുള്ള സഞ്ചിയിൽ അവർ നേരത്തെ ആവശ്യപ്പെട്ട സാധനങ്ങൾ കരുതിയിട്ടുണ്ടാവും. ഒരാൾക്ക് ഒരു കുപ്പി മഷിയായിരിക്കാം; മറ്റൊരാൾക്ക് ഒരു പേനയായിരിക്കാം; ഇനിയുമൊരാൾക്ക് അങ്ങാടി മരുന്നായിരിക്കാം; ചിലർക്ക് ഉപ്പു വേണമായിരിക്കാം; ഇനിയും ചിലർക്ക് അര റാത്തൽ കുടമ്പുളി, ഇങ്ങനെ പോകുന്നു അവരുടെ വിവിധ ആവശ്യങ്ങൾ. പറഞ്ഞേല്പിച്ചിരുന്നതെല്ലാം കൃത്യമായി കൊണ്ടുവന്നിരിക്കും. സാധനങ്ങൾ കൊടുത്തുകഴിഞ്ഞാൽ പിന്നെ അടുത്ത തവണ വാങ്ങിക്കേണ്ട സാധനങ്ങളുടെ ലിസ്റ്റ്

കൊടുക്കുകയും ചെയ്യും. തന്റെ ആത്മീയ മക്കളുടെ ഭൗതികമായ ആവശ്യങ്ങൾപോലും സാധിച്ചുകൊടുക്കാൻ സദാസന്നദ്ധനായ വല്യച്ചനെ അവർ ജീവനു തുല്യം സ്നേഹിച്ചിരുന്നു. ജനഹൃദയങ്ങളിൽ സ്നേഹത്തിന്റെ സുവിശേഷം പാകിയ പുണ്യവാനായ കർമ്മെലീത്താ മിഷനറിയായിരുന്നു അദ്ദേഹം.

രോഗികളുടെ വ്രണങ്ങൾ കഴുകി മരുന്നു വച്ചുകെട്ടും. പണ്ട് പട്ടാളത്തിലായിരുന്നതുകൊണ്ട് അതിനുള്ള പരിശീലനം ലഭിച്ചിരുന്നു. കൊച്ചുകുട്ടികളെ കാണുമ്പോൾ വാത്സല്യപൂർവ്വം കൈയിലെടുക്കും. ചില കുട്ടികൾ അച്ചന്റെ ളോഹയിലേയ്ക്കു മലമൂത്രവിസർജ്ജനം നടത്തിപ്പോകാറുണ്ട്. അതു കാണുമ്പോൾ അമ്മമാർക്ക് വലിയ സങ്കടമാണ്. "*അതു സാരമില്ല*" എന്ന സാന്ത്വനവാക്കുകളോടെ വല്യച്ചൻ ഒരതൃപ്തിയും പ്രകടിപ്പിക്കുകയില്ല. വീട്ടുകാർ കൊടുക്കുന്ന ആഹാരം എന്തായിരുന്നാലും അദ്ദേഹം കഴിക്കും. ഇന്നതു വേണം എന്ന് നിർബ്ബന്ധം പിടിക്കുകയില്ല. ആഹാരം കഴിച്ചാലുടൻ ദൈവത്തിനു നന്ദി പറയും. അതിനുശേഷം ആതിഥേയർക്കും!

വല്യച്ചനു സഹായത്തിനായി കൊച്ചച്ചന്മാരെ കിട്ടിയപ്പോൾ, അവരെ വളരെ സ്നേഹത്തോടെയാണ് സ്വീകരിച്ചത്. സ്നേഹനിധിയായ ഒരു പിതാവിന്റെ മനോഭാവമാണ് തന്നോട് എന്നും കാണിച്ചിരുന്നതെന്ന് വല്യച്ചന്റെകൂടെ ആറു വർഷക്കാലം അസിസ്റ്റന്റായിരുന്ന ജെയിംസച്ചൻ എപ്പോഴും പറയുമായിരുന്നു. കൊച്ചച്ചനെ മുതിയാവിളയിലെ വിശുദ്ധ കുർബ്ബാന ചൊല്ലാൻ ഏല്പിച്ചിട്ട് വല്യച്ചൻ ദൂരെ സ്ഥലങ്ങളിൽ പോകും. വിശുദ്ധ കുർബ്ബാന എത്ര ദൂരെയായിരുന്നാലും, വിശുദ്ധ കുർബ്ബാനയ്ക്കു മുമ്പ് പച്ചവെള്ളംപോലും കുടിച്ചിരുന്നില്ല എന്ന് ഫാ. റ്റി. ജെയിംസ് ഓർമ്മിക്കുന്നു. എത്ര തിരക്കിനിടയിലായിരുന്നാലും പാളയത്തുള്ള സെന്റ് വിൻസെന്റ് മൈനർ സെമിനാരിയിൽ പോയി മുടക്കം കൂടാതെ കുമ്പസാരം കേട്ടിരുന്നു.

വല്യച്ചന്റെ ആദ്യത്തെ അസിസ്റ്റന്റായിരുന്ന മോൺ. എസ്. തോമസിന് വല്യച്ചനെപ്പറ്റി വളരെ ഊഷ്മളകരമായ കാര്യങ്ങളാണ് പറയാനുള്ളത്. സഹവൈദികരെ യാതൊരു വ്യത്യാസവും കാണിക്കാതെ നിർലോഭം പ്രോത്സാഹിപ്പിച്ചിരുന്നു. അവരുടെ ഭാഗത്തുണ്ടാകുന്ന വീഴ്ചകൾ സ്വയം ഏറ്റെടുക്കും. ശനിയാഴ്ച കൊച്ചച്ചൻ അധികം പണി ചെയ്യാൻ അനുവദിക്കില്ല. കാരണം, ഞായറാഴ്ചത്തെ പ്രസംഗം ഒരുങ്ങാനും പ്രാർത്ഥിക്കാനും സമയം കിട്ടുന്നതിനുവേണ്ടിയാണ്. വിശേഷപ്പെട്ട എന്തെങ്കിലും പലഹാരം കിട്ടിയാൽ അതിന്റെ ഒരു പങ്ക് കൊച്ചച്ചനു കൊടുത്തിരിക്കും. അങ്ങനെയുള്ള ഒരു മാതൃഹൃദയത്തിന്റെ ഉടമയെയാണ് എസ് തോമസച്ചൻ വല്യച്ചനിൽ കണ്ടിരുന്നത്.

ഉപദേശിമാർക്ക് എല്ലാ ആഴ്ചയിലും ക്ലാസ്സെടുക്കും. ഇടവകസമൂഹത്തിന്റെ വളർച്ചയിൽ ഉപദേശിമാരുടെ പങ്കു വ്യക്തമാക്കാൻ പ്രസ്തുത ക്ലാസ്സുകൾ സഹായകരമായിരുന്നു. കർമ്മെലീത്താസഭയിലേയ്ക്കും, സന്യാസ വൈദികാന്തസ്സിലേയ്ക്കുമുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വല്യച്ചന്റെ പരിശ്രമഫലമായാണ് 1967-ൽ മുതിയാവിളയിൽ മഠം സ്ഥാപിതമായത്. വല്യച്ചനെഴുതിയ പല കത്തുകളിലും ബഹു. സിസ്റ്റേഴ്സിന്റെ സേവനം പുകഴ്ത്തി പറയുന്നതായി കാണുന്നുണ്ട്. അമ്പൂരിയിലുള്ള മഠത്തിലെ കുമ്പസാരക്കാരനായും അദ്ദേഹം അനേകവർഷം സേവനം ചെയ്യുകയുണ്ടായി. സന്യാസജീവിതത്തെപ്പറ്റിയും ആദ്ധ്യാത്മികജീവിതത്തെപ്പറ്റിയും അദ്ദേഹത്തിനുണ്ടായിരുന്ന വ്യക്തമായ അറിവ് അദ്ദേഹത്തിന്റെ നോട്ടുബുക്കിൽ കാണാവുന്നതാണ്. അദ്ദേഹമെഴുതിയ കത്തുകളിൽ കാണുന്ന ആത്മീയ പഠനങ്ങൾ സൂചിപ്പിക്കുന്നത് എത്ര ആഴമായ ആദ്ധ്യാത്മിക ജീവിതമാണ് അദ്ദേഹം നയിച്ചിരുന്നത് എന്നാണ്.

പാവപ്പെട്ട തൊഴിലാളികളെ സാമ്പത്തികമായി സഹായിക്കുന്നതിന് അദ്ദേഹം പല പദ്ധതികളും ആവിഷ്ക്കരിക്കുകയുണ്ടായി. ധാരാളം സാധുക്കൾക്ക് അതിലൂടെ ഒത്തിരി ഗുണം ലഭിച്ചു. താൻ പ്രവർത്തിച്ച പ്രദേശങ്ങളിലെ ജനങ്ങളുടെ സമഗ്രമായ വിമോചനവും വളർച്ചയുമാണ് അദ്ദേഹം ഉന്നം വച്ചതെന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നുണ്ട്. വല്യച്ചൻ മുതിയാവിളയിൽ ജീവിച്ച ഇരുപതുവർഷക്കാലവും കർമ്മനിരതമായ ജീവിതമാണ് നയിച്ചത് എന്നുള്ളത് അദ്ദേഹത്തിന്റെ ആഴമായ മിഷനറി ചൈതന്യത്തെയും പ്രാർത്ഥനാശീലത്തെയും എടുത്തു കാട്ടുന്നു.

# IV
# മഹത്വത്തിലേയ്ക്കു പ്രവേശിക്കുന്നു

1968 ഒക്ടോബർ 20. അന്ന് ഒരു മിഷൻ ഞായറാഴ്ചയായിരുന്നു. മിഷനറിമാർക്കുവേണ്ടി പ്രത്യേകം മാറ്റിവയ്ക്കപ്പെട്ട ദിവസം. മിഷൻചൈതന്യം വർദ്ധിപ്പിക്കാനും, മിഷനുവേണ്ടി പിരിവുകൾ നടത്താനും, ഒരുക്കിയിരിക്കുന്ന ദിവസം. പതിവുപോലെ കൊച്ചച്ചനെ മുതിയാവിളയിൽ വിശുദ്ധ കുർബ്ബാന ചൊല്ലാൻ ഏല്പിച്ചിട്ട് ചെമ്പനാംകോട് ദൈവാലയത്തിൽ ദിവ്യപൂജയ്ക്കു പോകാൻ വല്യച്ചൻ യാത്ര പുറപ്പെട്ടു. ഏതാണ്ട് ഒരു കിലോമീറ്ററോളം നടന്നുകാണും. പതിവില്ലാതെ കലശലായ നെഞ്ചുവേദന അനുഭവപ്പെട്ടു. മുമ്പോട്ടുപോകാൻ ബുദ്ധിമുട്ടുതോന്നിയതുകൊണ്ട് മടങ്ങാൻ തീരുമാനിച്ചു. വന്നപാടെ വല്യച്ചൻ കട്ടിലിൽ കയറിക്കിടന്നു. ഉടനടി അസിസ്റ്റൻഡ് ഫാ. ജെയിംസ് ഡോക്ടറെ വിളിക്കാൻ ആളയച്ചു. കൊച്ചച്ചനോട് വിശുദ്ധ കുർബ്ബാന തുടങ്ങിക്കൊള്ളാൻ പറഞ്ഞു. ഡോക്ടർ വന്നു പരിശോധിച്ചു കഴിഞ്ഞപ്പോൾ '*ദൈവത്തിനു നന്ദി*' എന്ന് രണ്ടു കൈകളും കൂപ്പിപ്പറഞ്ഞു. വല്യച്ചന്റെ അധരത്തിൽനിന്നു പുറപ്പെട്ട അവസാനത്തെ വാക്കുകൾ. ജെയിംസച്ചൻ വിശുദ്ധ കുർബ്ബാന തുടങ്ങാൻ ദൈവാലയത്തിൽ എത്തിയതും സിസ്റ്റേഴ്സ് ഓടിച്ചെന്ന് അദ്ദേഹത്തോട് വല്യച്ചന് കൂടുതലാണെന്ന് അറിയിച്ചു. അദ്ദേഹം തിരികെ എത്തി അന്ത്യകൂദാശ നല്കി. അല്പനിമിഷത്തിനുള്ളിൽ ആ വലിയ മിഷനറിയുടെ ആത്മാവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. സമയം രാവിലെ എട്ടു മണി. മിഷനെ സ്നേഹിച്ച ആ മഹാ മിഷനറിയ്ക്കു മരിക്കാൻ മിഷൻ ഞായറാഴ്ചയല്ലാതെ മറ്റേതു ദിവസമാണ് കൂടുതൽ അഭികാമ്യമായിട്ടുള്ളത്?

വല്യച്ചന്റെ മരണവാർത്തയറിഞ്ഞ് ആബാലവൃദ്ധം ജനങ്ങൾ ദൈവാലയത്തിൽ തടിച്ചുകൂടി. വല്യച്ചന്റെ പ്രവർത്തനങ്ങളുടെ കേന്ദ്രമായ മുതിയാവിളയിൽ തന്നെ സംസ്ക്കരിക്കണമെന്നതായിരുന്നു ജനങ്ങളുടെ ആഗ്രഹം. രൂപതാദ്ധ്യക്ഷൻ പീറ്റർ ബെർണാർഡ് പെരേരാ തിരുമേനി ജനങ്ങളെ സാന്ത്വനപ്പെടുത്തിക്കൊണ്ടു പറഞ്ഞു: "*അദെയോദാത്തൂസച്ചൻ മുതിയാവിളയ്ക്കുവേണ്ടി മാത്രമുള്ളതല്ല. തിരുസഭ മുഴുവനും വേണ്ടിയാണ്. അതിനാൽ നിങ്ങൾ സഹകരിക്കണം*". ഇടയന്റെ വാക്കുകൾ മനസ്സില്ലാമനസ്സോടെയെങ്കിലും ജനങ്ങൾ അനുസരിച്ചു. ഒരു ദിവസം മൃതശരീരം പൊതുദർശനത്തിനുവയ്ക്കാൻ തിരുമേനി അനുവദിച്ചു. നാനാജാതി മതസ്ഥരായ ആയിരക്കണക്കിനാളുകൾ തങ്ങളുടെ പ്രിയപ്പെട്ട വല്യച്ചന്റെ മൃതശരീരത്തെ ഒന്നു കാണാനും, സ്പർശിക്കാനും മുതിയാവിള ദൈവാലയത്തിലേയ്ക്ക് പ്രവഹിച്ചുകൊണ്ടിരുന്നു. പിറ്റേദിവസം അനേകം വാഹനങ്ങളുടെ അകമ്പടിയോടുകൂടി വിലാപയാത്ര പാങ്ങോട് ആശ്രമത്തിലേയ്ക്കു തിരിച്ചു. റോഡിനുചുറ്റും നൂറുകണക്കിനാളുകൾ ഈറനണിഞ്ഞ കണ്ണുകളുമായി കാത്തുനിന്നിരുന്നു. പാങ്ങോട് പള്ളിയിൽ എത്തിയപ്പോൾ മരണമണി മുഴങ്ങി. ആശ്രമദൈവാലയത്തിന്റെ പരസരം ജനസമുദ്രമായി. ചരമശുശ്രൂഷകർക്ക് തിരുവനന്തപുരം ബിഷപ്പ് ജെറോം ഫെർണാണ്ടസ് തിരുമേനിയും നേതൃത്വം നല്കി. മോൺസിഞ്ഞോർ മാർക്ക് നെറ്റോ ഉജ്ജ്വലമായ ഒരു ചരമ പ്രസംഗം നടത്തി. പ്രാർത്ഥനയും പ്രവർത്തനവും താപസജീവിതവും സമർത്ഥമായി ഒരുപോലെ സംയോജിപ്പിച്ച് ഈ യോഗീവര്യന്റെ ഓർമ്മ എന്നും നിലനിൽക്കുമെന്നും അദ്ദേഹത്തിന്റെ മഹനീയമാതൃക വരുംതലമുറകൾക്ക് പ്രചോദനമായിരിക്കുമെന്നും കൂട്ടിച്ചേർത്തു. പാങ്ങോട് ആശ്രമദൈവാലയത്തിന്റെ സിമിത്തേരിയിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന കല്ലറയിൽ അദെയോദാത്തൂസച്ചന്റെ ഭൗതികശരീരം ഒക്ടോബർ 21-ാം തിയതി സംസ്ക്കരിച്ചു.

പക്ഷെ വല്യച്ചനെപ്പറ്റിയുള്ള ഓർമ്മ തന്റെ മക്കളുടെയും ഭക്തരുടെയും മനസ്സിൽ

ഒളിമങ്ങാതെ കത്തിനിന്നു. ഓരോ ഒക്ടോബർ ഇരുപതിനും വല്യച്ചന്റെ ശവകുടീരത്തിൽ പ്രാർത്ഥിക്കാൻ എത്തുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നു. വല്യച്ചന്റെ മദ്ധ്യസ്ഥത യിൽ പ്രാർത്ഥിച്ചവർക്ക് ഉദ്ദിഷ്ടകാര്യങ്ങളും ലഭിച്ചുതുടങ്ങി. ഓരോരുത്തർക്കും ഓരോരോ ആവശ്യങ്ങളാണ് സാധിച്ചു കിട്ടുന്നത്. വൈസ്പോസ്റ്റുലേറ്റർ എന്ന നിലയിൽ എനിക്കു ലഭിച്ചുകൊണ്ടിരിക്കുന്ന അനേകം കത്തുകൾ ഇതാണ് സൂചിപ്പിക്കുന്നത്.

ജീവിച്ചിരിക്കുമ്പോൾതന്നെ വിശുദ്ധനെന്ന് എല്ലാവരാലും പ്രകീർത്തിക്കപ്പെട്ട വല്യ ച്ചന്റെ സവിശേഷശക്തി പ്രകടിപ്പിക്കുന്ന പല സംഭവങ്ങളും പലരും എന്നോടു പറയുക യുണ്ടായി. കാടുകളിൽ കഴിയുന്ന കാണിക്കാർ നാട്ടുകാരോടു പറയുകയുണ്ടായി: "*നിങ്ങ ളുടെ പാതിരി വന്നതിനുശേഷം ഞങ്ങളുടെ ദൈവങ്ങളുടെ ശക്തി കുറഞ്ഞിരിക്കുകയാണ്*". മായത്തുള്ള ഒരു വീട്ടിൽ രാത്രിയായാൽ ആരോ വന്നു വാതിലിൽ ചവിട്ടുന്ന സ്വരം കേൾക്കാമായിരുന്നു. തുറന്നുനോക്കിയാൽ ആരെയും കാണുകയില്ല. അതു സ്ഥിരം പരി പാടിയായതോടുകൂടി വല്യച്ചനെ വിവരമറിയിച്ചു. വല്യച്ചൻ വന്ന് പ്രാർത്ഥിച്ചു വീടിനു ചുറ്റും തീർത്ഥജലം തളിക്കാൻ തുടങ്ങി. ഏതാനും അടികൾ മുന്നോട്ടു വച്ചു തുടങ്ങി. വല്യച്ചനെ ആരോ പിടിച്ചു തള്ളിയതുപോലെ വീഴാൻ ഭാവിച്ചു. "*നീ വല്യച്ചനെ വീഴിക്കും അല്ലേ?*" വല്യച്ചൻ വീണ്ടും പ്രാർത്ഥിച്ചു തീർത്ഥജലം തളിച്ചു. അതിൽപ്പിന്നെ ആ വീട്ടിൽ യാതൊരുവിധ ശല്യവും ഉണ്ടായിട്ടില്ല.

കൃഷിക്കാരുടെ ശത്രുക്കളായ ചാഴിയെയും കീടങ്ങളെയും വിലക്കാനുള്ള വല്യ ച്ചന്റെ ശക്തിയെപ്പറ്റി പഴമക്കാർക്ക് ഒത്തിരി പറയാനുണ്ട്. വല്യച്ചൻ ഒന്നു വെഞ്ചരിച്ചാൽ മതി. സകല ഉപദ്രവങ്ങളും അപ്പാടെ നില്ക്കും. അത്രയ്ക്കായിരുന്നു ജനങ്ങളുടെ വിശ്വാസം.

1992-ൽ വല്യച്ചന്റെ 25-ാം ചരമവാർഷികം സമുചിതമായി ആഘോഷിക്കുകയു ണ്ടായി. തദവസരത്തിൽ പ്രസിദ്ധീകരിച്ച ***കർമ്മയോഗിയായ മിഷനറി - റവ. ഫാ. അദെ യോദാത്തൂസ് ഒ.സി.ഡി.*** എന്ന സ്മരണിക അനേകംപേരുടെ അനുഭവങ്ങൾ ഒരുമിച്ചു കൊണ്ടുവരുവാനും, വല്യച്ചനെ നേരിട്ടു പരിചയമില്ലാത്ത പുതുതലമുറയ്ക്ക് അല്പമാ യെങ്കിലും പകർന്നുകൊടുക്കാനും കാരണമായി. വല്യച്ചന്റെ വലിയ ആരാധകനും കാട്ടാ ക്കട പഞ്ചായത്ത് മെമ്പറുമായ ശ്രീ. എസ്. ആൽബർട്ടിന്റെയും അദ്ദേഹത്തിന്റെ സഹപ്ര വർത്തകരുടെയും പ്രവർത്തനഫലമായി വല്യച്ചനോടുള്ള ഭക്തി കൂടുതൽ പ്രചരിപ്പിക്കുവാ നും, എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുവാനും അവയ്ക്കൊരു ദിശാബോധം നല്കുവാനും സാധിച്ചിട്ടുണ്ട്. ജീവിച്ചിരുന്ന കാലത്ത് നന്മ ചെയ്യാൻ ഉത്സുകനായിരുന്ന വല്യച്ചൻ മരണശേഷവും ഉദാരമായി അനുഗ്രഹങ്ങൾ നല്കിക്കൊണ്ട് തന്റെ പ്രിയപ്പെട്ട മക്കളെ സഹായിക്കുന്നു. അനതി വിദൂരഭാവിയിൽ അൾത്താരയിലെ വണക്കത്തിനായി മുതിയാവിള വല്യച്ചൻ അഥവാ ഫാ. അദെയോദാത്തൂസ് ഒ.സി.ഡി. ഉയർത്തപ്പെടട്ടെ എന്ന് ആശിക്കുന്നു.

# V
# കത്തുകളിലെ വല്യച്ചൻ

*"നാം എല്ലാത്തിലും ദൈവത്തിന്റെ തിരുച്ചിത്തം മാത്രം അന്വേഷിക്കുന്നുവെങ്കിൽ, നമ്മുടെ ആത്മാവ് എല്ലായ്പോഴും സമാധാനവും സന്തോഷവും അനുഭവിക്കും.....*

*ജീവിതം നിരന്തരമായ ഒരു വേർതിരിവ് ആണ്. അതുനിമിത്തം നമ്മുടെ സ്നേഹം മുഴുവനും ദൈവത്തിനുവേണ്ടിയായിരിക്കണം. പിന്നെ ദൈവസ്നേഹകാരണത്താലും ദൈവസ്നേഹമനുസരിച്ചും നാം എല്ലാവരെയും സ്നേഹിക്കും. എങ്കിലും അതെല്ലാം വളരെ അധികം സ്വയംപരിത്യാഗം ആവശ്യപ്പെടുന്നു. നിങ്ങൾ ദൈവത്തെ എല്ലാ സ്ഥലങ്ങളിലും കണ്ടെത്തും. നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കുന്നില്ലയോ? അവിടുത്തോട് ഒന്നിച്ചു ജീവിക്കാൻ ഉത്സാഹത്തോടെ ശ്രമിക്കണം. അവിടെമാത്രം യഥാർത്ഥ സൗഭാഗ്യം കണ്ടെത്തുന്നതാണ്".*

(24.06.1967-ൽ റവ. സി. ജോൺ ബെർക്കുമാൻസിന് എഴുതിയ കത്തിൽനിന്ന്).

*"നാം എല്ലാത്തിലും ദൈവത്തിന്റെ തിരുച്ചിത്തം മാത്രം അന്വേഷിക്കുന്നുവെങ്കിൽ നമ്മുടെ ആത്മാവ് എല്ലായ്പോഴും സമാധാനവും സന്തോഷവും അനുഭവിക്കും.*

*എത്രയോ അധികമായി നാം ദൈവത്തെയും, അവിടുത്തെ തിരുമനസ്സിനെയും സൂക്ഷിക്കുമോ, അത്രയും അധികമായി ദൈവം നമ്മെയും നമ്മുടെ ആഗ്രഹങ്ങളെയും വാത്സല്യമുള്ളവരെയും സൂക്ഷിക്കും".*

(24.06.1967-ൽ റവ. സി. ജോൺ ബെർക്കുമാൻസിന് എഴുതിയ കത്തിൽനിന്ന്).

# ഗ്രന്ഥസൂചിക


1. *Karmayogiyaya Missionary*, Rev. Fr. Adeodatus OCD, Thoongampara, 1992.
2. Edassery, Job: *Arrival of Carmel in India*, Carmelaram, Bangalore, 1997.
3. Edassery, Job: *Carmel and Malabar Province*, Carmel Publishing Centre, Trivandrum, 1995.
4. D'Souza Paul, *History of the Carmelite Order*, Dhyanavana Publications, 2005.
5. Vallathara Bernardine, *Fr. Adeodatus OCD, Another Francis Xavier*, Carmel International Publishing House, Trivandrum, 2006.